(സി) 2002-03 മുതൽ കയറ്റുമതി നടന്നുവരുന്നു.

(ഡി) വൈക്കം തരം കയർ ആണ് ഈ വർഷം കയറ്റുമതി ചെയ്യാൻ ഉദ്ദേശിക്കുന്നത്. വൈക്കം തരം കയറിന്റെ 10 കണ്ടെയ്നറിനുള്ള ഓർഡർകൂടി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കയർ ജിയോടെക്സ്റ്റയിൽസ് കയറ്റി അയക്കുന്നതിനും ഗൾഫ് രാജ്യങ്ങളിൽ കയർ ഉല്പന്നങ്ങളും റബറൈസ്ഡ് കയർ ഉല്പന്നങ്ങളും പ്രദർശിപ്പിച്ച് വിൽക്കുന്നതിലേയ്ക്ക് കേന്ദ്ര വാണിജ്യവകുപ്പിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന ഒരു പദ്ധതിക്കും കയർ ബോർഡുമായി ചർച്ച ആരംഭിച്ചു കഴിഞ്ഞു.

കർഷകർക്ക് സൗജന്യ വൈദ്യുതി പദ്ധതി

*15 [75] ശ്രീ. എം. കുമാരൻ:

,, ബിനോയ് വിശ്വം:

,, പി. എസ്. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് എത്ര കർഷകരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2001 മെയ് മാസത്തിനുശേഷം ഇതുവരെ ഈ പദ്ധതിയിൽപ്പെട്ട വൈദ്യുതി കണക്ഷനുകൾ വിച്ഛേദിച്ചിട്ടുണ്ടോ;

(ഡി) ഈ കാലയളവിൽ നെൽക്കൃഷിക്കാർക്കും കേരകർഷകർക്കും നൽകിയ സൗജന്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) ഗവൺമെന്റിനു കിട്ടിയ വിവരം അനുസരിച്ച് 2,47,942 കർഷകരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. ഇലക്ട്രിസിറ്റി ചാർജ്ജിന്റെ കുടിശ്ശിക അടയ്ക്കാത്തതിനാൽ ആണ്.

(ഡി) നെൽക്കൃഷിക്കാർക്ക് പരിധിയില്ലാതെയും കരകൃഷിക്ക് 2 ഹെക്ടർ വരെ പരിധി നിശ്ചയിച്ചും വൈദ്യുതി സൗജന്യം നൽകിവരുന്നു. ഇതിനുപുറമേ നെൽക്കൃഷിക്കാരെ സഹായിക്കുക എന്ന ഉദ്ദേശത്തോടെ ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള നെൽക്കൃഷിക്ക് സഹായം, നെൽകൃഷി വികസന ഏജൻസികൾക്ക് ധനസഹായം, വിത്തുല്പാദന പരിപാടി, സംയോജിത വളപ്രയോഗവും, കീടനിയന്ത്രണവും, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനം, അത്യുല്പാദനശേഷിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

നെൽവിത്ത് കൃഷിചെയ്യുന്നതിനു സഹായം, ഉല്പാദനബോണസ്, പമ്പിംഗ് സബ്സിഡി, കർഷകർക്ക് നെല്ലിനു ന്യായവില ഉറപ്പാക്കാൻ നെല്ലുസംഭരണം എന്നീ പദ്ധതികളും കൃഷിവകുപ്പ് നടപ്പാക്കുന്നുണ്ട്. കേരകർഷകരെ സഹായിക്കുന്നതിനായി സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരവും നാളികേര ബോർഡിന്റെ സഹായത്തോടുകൂടിയും ടെക്നോളജി മിഷന്റെ ഭാഗമായും വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

എ.ഡി.ബി. വായ്പ തുകയും വ്യവസ്ഥകളും

*16 [76] ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. കെ. പി. മോഹനൻ:

" സി. കെ. നാണു:

" എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിൽ നിന്നും നാളിതുവരെ എത്ര തുക വായ്പയായി സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തുക ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിൽ നിന്നും വായ്പ ലഭിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് ഗവൺമെന്റിന് അംഗീകരിക്കേണ്ടി വന്നിട്ടുള്ളത്;

(ഡി) ഇനി എത്ര തുകയാണ് ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിൽ നിന്നും സംസ്ഥാന ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്;

(ഇ) ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിൽ നിന്നുള്ള വായ്പ വിനിയോഗം സംബന്ധിച്ച് സംസ്ഥാന സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) എ.ഡി.ബി.-യിൽ നിന്ന് നാളിതുവരെ അധിക കേന്ദ്ര സഹായമായി 601.30 കോടി രൂപ കേന്ദ്ര സർക്കാർ വഴി സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തുക സംസ്ഥാന വിഹിതത്തോടൊപ്പം താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് വേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത്. സംസ്ഥാന വൈദ്യുതി ബോർഡിന് 375 കോടി രൂപ നൽകിയിട്ടുണ്ട്. 300 കോടിയോളം രൂപ ടി.പി. അക്കൗണ്ടുകൾ നിർത്തലാക്കിയതു പ്രകാരമുള്ള അഡ്ജസ്റ്റ്മെന്റ് നടത്തി 70 കോടി രൂപ അസറ്റ് റിന്യൂവൽ ഫണ്ട് രൂപീകരിക്കുന്നതിന് വിനിയോഗിച്ചു. 134 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുന:സംഘടനയ്ക്കായി നൽകി. 111.27 കോടി രൂപ ഭരണ നവീകരണ പരിപാടികൾക്കു വേണ്ടി വിനിയോഗിച്ചു.

LIBRARY ARCHIVES Kerala Legislative Assembly